"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി. കുഞ്ഞമ്മ ഗബ്രിയേൽ, ചെയർപേഴ്സൺ, ആസ്റ്റർ വാലി, കുരോപ്പട.പി.ഒ, കോട്ടയം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.679/2025/ID തീയതി,തിരുവനന്തപുരം, 10-06-2025

---

പരാമർശം:-

1. കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ 21.12.2016 തീയതിയിലെ 1251/ഡിഒവൈ/എംഎൽ/2016 നമ്പർ ഡിമാന്റ് നോട്ടീസ്.
2. കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ 27.02.2023 തീയതിയിലെ 1223/2022-23/ഡിഒവൈ/എംഎൽ/2016 നമ്പർ നടപടിക്രമം.
3. ശ്രീമതി. കുഞ്ഞമ്മ ഗബ്രിയേൽ, ചെയർപേഴ്സൺ, ആസ്റ്റർ വാലി, കുരോപ്പട.പി.ഒ, കോട്ടയം 09.05.2023 - ൽ സമർപ്പിച്ച അപ്പീൽ ഹർജി.
4. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 25.04.2025 തീയതിയിലെ ഡിഎംജി/495/2025-എം4 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ പാമ്പാടി വില്ലേജിൽ സർവ്വേ നമ്പർ നം. 153/18-1, 153/4-ൽ പ്പെട്ട സ്ഥലത്ത് നിന്നും ക്രോസ് റോഡ്, ഹയർ സെക്കൻഡറി സ്കൂളിന്റെ സ്റ്റേഡിയം നിർമ്മിക്കുന്നതിന് വസ്തു നിരപ്പാക്കുന്നതിന് 13.04.2016 ൽ ശ്രീ. ജോൺ ഗബ്രിയേൽ, ആസ്റ്റർ വാലി, മാനേജർ, ക്രോസ് റോഡ് ഹയർ സെക്കൻഡറി സ്കൂൾ, പാമ്പാടി, കോട്ടയം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് നിന്നും 700 എം$^3$ (1400 മെട്രിക് ടൺ) സാധാരണമണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. മേൽ പരാമർശ സ്ഥലത്ത് 9.11.2016 -ൽ കോട്ടയം മൈനിംഗ് & ജിയോളജി ഓഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ അനധികൃതമായി 3319 എം$^3$ സാധാരണമണ്ണ് നീക്കം ചെയ്തതിന് കെ.എം.എം.സി ചട്ടങ്ങളിലെ റൂൾ 108(2) പ്രകാരം നടപടി സ്വീകരിക്കുന്നതിന് നോട്ടീസുകൾ നൽകിയിരുന്നതും, 20.10.2021 ൽ റവന്യൂ റിക്കവറിയ്ക്കായി റിക്വസിഷൻ സമർപ്പിച്ചിരുന്നതുമാണ്. പരാമർശം (1) ഡിമാന്റ് നോട്ടീസ് പ്രകാരം കേരള മൈനർ മിനറൽ കൺസഷൻ റൂൾ 108(2) പ്രകാരം അനധികൃതമായി 3319 എം$^3$ സാധാരണമണ്ണ് ഖനനം ചെയ്തതിന് റോയൽറ്റി ഇനത്തിൽ 1,32,760/- രൂപയും വിലയിനത്തിൽ 2,65,520/- രൂപയും പിഴ ഇനത്തിൽ 50,000/- രൂപയും ചേർത്ത് ആകെ 4,48,280/- രൂപ ഒടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതാണ്.

ഇതിനെതിരെ കേരള ക്രൈസ്റ്റ് ചർച്ച് മിഷൻ ബഹു.കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)29813/2022 നമ്പർ കേസിലെ ബഹു.കോടതിയുടെ 22.09.2022 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും സ്ഥലപരിശോധന നടത്തിയതിന്റെയും, സ്ഥലം ഉടമയെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ മേൽ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കേണ്ടതാണെന്നും ടി ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിലും അധികമായി നീക്കം ചെയ്തതായി കണ്ടെത്തിയ 13288 മെ.ടൺ അളവിന് തുടർന്ന് ഡിമാന്റ് നോട്ടീസ് നൽകുന്നതാണെന്നും നിർദ്ദേശിച്ച് 27.02.2023 ൽ കോട്ടയം ജിയോളജിസ്റ്റ് നൽകിയ പരാമർശം (2) പ്രകാരമുള്ള നടപടിക്രമത്തിനെതിരെ ശ്രീമതി. കുഞ്ഞമ്മ ഗബ്രിയേൽ, W/o.ജോൺ ഗബ്രിയേൽ, കേരള ക്രൈസ്റ്റ് ചർച്ച് മിഷൻ, ആസ്റ്റർ വാലി, കുരോപ്പട പി.ഒ, കോട്ടയം പരാമർശം (3) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 27/03/2025 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, കോട്ടയം ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

3. ഹിയറിംഗ് വേളയിൽ അപ്പീൽകക്ഷി ബോധിപ്പിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രോസ്റോഡ്സ് ഹയർസെക്കണ്ടറി സ്കൂളിൽ കുട്ടികൾക്ക് കായിക വിദ്യാഭ്യാസത്തിനുവേണ്ടി ഗ്രൗണ്ട്, സ്പോർട്സ് സ്റ്റേഡിയം, കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനുവേണ്ടി മണ്ണെടുക്കുന്നതിന് 21/04/2016 ൽ അനുമതി ലഭിച്ചിരുന്നു. 21/12/2016 ൽ അളവിൽ കൂടുതൽ മണ്ണ് നീക്കം ചെയ്തുവെന്ന് അറിയിച്ച് ഭീമമായ ഒരു തുക പിഴയിനത്തിൽ അടയ്ക്കാൻ ഡിമാന്റ് നോട്ടീസ് അയയ്ക്കുകയും ചെയ്തു. എന്നാൽ അളവിൽ കൂടുതൽ നീക്കം ചെയ്തിരിക്കുന്നു എന്നു പറയുന്ന മണ്ണ് അന്നത്തെ വില്ലേജ് ഓഫീസറുടെ നിർദ്ദേശപ്രകാരം സ്കൂൾ കോമ്പൗണ്ട് നികത്തുന്നതിന് മാത്രമേ ഉപയോഗിച്ചിട്ടുള്ളു. മറ്റൊരു തരത്തിലുള്ള സാമ്പത്തിക ലാഭത്തിനോ വാണിജ്യ പ്രവർത്തനങ്ങൾക്കോ ഉപയോഗിച്ചിട്ടില്ല. അത് കണക്കിലെടുക്കാതെയാണ് പിഴ ഈടാക്കിയി രിക്കുന്നത്. ഇത് വില്ലേജ് ഓഫീസർ, ജിയോളജിസ്റ്റ് എന്നിവരെ ബോധ്യപ്പെടുത്തിയിരുന്നു. എന്നാൽ 2021 ൽ ഡിമാന്റ് നോട്ടീസ് വന്നപ്പോഴാണ് നടപടി ക്രമങ്ങളെക്കുറിച്ച് അറിയുവാനിടയായത്. 2017 മുതൽ 2021 വരെ യാതൊരുവിധ അറിയിപ്പുകളും ഉണ്ടായിട്ടില്ല. ഈ കാലയളവും പലിശ കൂട്ടുവാനിടയായി പിന്നീട് RR നോട്ടീസ് വന്നപ്പോൾ കോടതിയിൽ നിന്നും സ്റ്റേ ഓർഡർ ലഭിച്ചിരുന്നതുമാണ്.

9/11/2016 ലെ പരിശോധനയിൽ ആകെ 4019 എം$^3$ മണ്ണ് നീക്കം ചെയ്തുവെന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ 2022 ൽ വീണ്ടും നടത്തിയ പരിശോധനയിൽ 9963എം$^3$ മണ്ണ് നീക്കം ചെയ്തതായി കണ്ടെത്തിയെന്നാണ് പറയപ്പെടുന്നത്. ഈ രണ്ടു പരിശോധനകളിലെയും കണക്കുകൾ തമ്മിലുള്ള അന്തരം പരിഗണിക്കപ്പെടേണ്ടതാണ്. സ്കൂളിന്റെ ഭാഗത്തുനിന്നും ഗവൺമെന്റ് അംഗീകൃത ഏജൻസികൾ വഴി രണ്ടു തവണയായി 3 D സർവേ G P S സഹായത്തോടെ അളന്നപ്പോൾ ആകെ നീക്കം ചെയ്ത മണ്ണ് 4140.21 M$^3$, 4245.75 M$^3$ എന്നുമാണ് കാണിക്കുന്നത്. 16/12/2024 ൽ ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഓർഡർ ലഭിച്ചിട്ടുള്ളതാണ്.

സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന സ്കൂളിൽ 1-ാം ക്ലാസിൽ 500 രൂപയും 10-ാം ക്ലാസിൽ എത്തുമ്പോൾ 630/- രൂപയും മാത്രമാണ് ഫീസിനത്തിൽ ഈടാക്കുന്നത്. സാധാരണക്കാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസം ഒരുക്കുന്ന ഈ സ്ഥാപനം സാമ്പത്തിക ലാഭം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമല്ല. അതിനാൽ ഈ പിഴ സ്കൂളിന്

താങ്ങാവുന്നതിലും അധികമാണ്. ആയതിനാൽ ഈ പരാതിയിൽ അനുയോജ്യമായ ഒരു നടപടി എടുത്ത് പിഴ ഒഴിവാക്കി തന്ന് പണി തുടരുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കണം.

4. അപ്പീൽ ഹർജി സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ പാമ്പാടി വില്ലേജിൽ സർവെ നം. 153/18-1, 153/4 ൽ ഉൾപ്പെട്ട സ്ഥലത്ത് ക്രോസ് റോഡ് ഹയർസെക്കന്ററി സ്കൂളിന്റെ സ്റ്റേഡിയം നിർമ്മിക്കുന്നതിന് വസ്തു നിരപ്പാക്കുന്നതിന് 13/04/2016 തീയതിയിൽ ശ്രീ. ജോൺ ഗബ്രിയേൽ, ആസ്റ്റർവാലി, മാനേജർ, ക്രോസ് റോഡ് ഹയർ സെക്കന്ററി സ്കൂൾ, പാമ്പാടി, കോട്ടയം സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 21/04/2016 തീയതിയിൽ ടി സ്ഥലത്ത് നിന്നും 700 എം$^3$ (1400 മെ. ടൺ) സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽ കിയിരുന്നു. എന്നാൽ മേൽ പരാമർശിത സ്ഥലത്ത് 9/11/2016 ൽ നടത്തിയ പരിശോധനയിൽ അനധികൃതമായി 3319 എം$^3$ സാധാരണ മണ്ണ് നീക്കം ചെയ്തതായി കണ്ടെത്തിയതിനെ തുടർന്ന് KMMC ചട്ടങ്ങളിലെ ചട്ടം 108(2) പ്രകാരം നടപടി സ്വീകരിക്കുന്നതിന് 24/11/2016, 21/12/2016 തീയതികളിൽ കാരണം കാണിക്കൽ നോട്ടീസും ഡിമാന്റ് നോട്ടീസും നൽകിയിരുന്നു. 21/12/2016 തീയതിയിലെ ഡിമാന്റ് നോട്ടീസിൽ 2015 ലെ KMMC ചട്ടം 108 (2) പ്രകാരം അനധികൃതമായി 3319 എം$^3$ സാധാരണ മണ്ണ് ഖനനം ചെയ്തതിന് റോയൽറ്റി ഇനത്തിൽ 1,32,760/- രൂപയും വിലയിനത്തിൽ 2,65,520/- രൂപയും, പിഴ ഇനത്തിൽ 50,000/- രൂപയും ചേർത്ത് ആകെ 4,48,280/- രൂപ ഒടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ കുടിശ്ശിക തുക ഒടുക്കാത്തതിനാൽ 20/10/2021 തീയതിയിൽ റവന്യൂ റിക്കവറി റിക്വസിഷൻ സമർപ്പിച്ചിരുന്നതുമാണ്.

അനധികൃത ഖനനത്തിന് 21/12/2016 ൽ നൽകിയ ഡിമാന്റ് നോട്ടീസ് KMMC ചട്ടങ്ങളിലെ ചട്ടം 100 പ്രകാരം പുനഃപരിശോധിക്കുന്നതിന് റിവ്യൂ പെറ്റീഷൻ നിലവിലെ ഉടമ ശ്രീമതി. കുഞ്ഞമ്മ ഗബ്രിയേൽ 23/08/2022 ന് ഫയൽ ചെയ്തിരുന്നു. കേരള ക്രൈസ്റ്റ് ചർച്ച് മിഷൻ ബഹു. കേരളാ ഹൈക്കോടതി മുൻപാകെ WP(C) No.29813/2022 നം. കേസ് ഫയൽ ചെയ്യുകയും ബഹു. കോടതിയുടെ 22/09/2022 ലെ വിധിന്യായത്തിൽ "The writ petition is disposed of directing the 5th respondent to consider Expt. P6 review petition and Expt. P7 stay petition filed by the petitioner, in accordance with law. Till the 5th respondent passes appropriate orders on Exts. P6 or Expt. P7 , Revenue Recovery proceedings pursuant to Ext. P5 shall stand deferred " എന്ന് ഉത്തരവായിട്ടുണ്ട്.

ബഹു.ഹൈക്കോടതി ഉത്തരവ്, റിവ്യു ഹർജി എന്നിവയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ പാമ്പാടി വില്ലേജിൽ സർവെ നം. 153/18-1, 153/4 ൽ വില്ലേജ് ഓഫീസറോടൊപ്പം ശ്രീമതി കുഞ്ഞമ്മ ഗബ്രിയേലിന്റെ സാന്നിദ്ധ്യത്തിൽ സംയുക്ത പരിശോധന നടത്തുന്നതിന് 15/12/2022 ൽ 1251/DOY/ML/2016 നമ്പർ കത്ത് നൽകി മുൻ ജിയോളജിസ്റ്റ് സ്ഥലപരിശോധന നടത്തിയിരുന്നു. 27/12/2022 ന് നടത്തിയ പരിശോധനയിൽ മേൽ പരാമർശ സ്ഥലത്ത് നിന്നും നീക്കം ചെയ്ത സാധാരണ മണ്ണിന്റെ അളവ് പുനർനിർണ്ണയിക്കണമെന്ന് ശ്രീമതി. കുഞ്ഞമ്മ ഗബ്രിയേലിനു വേണ്ടി ടി സ്ഥലത്ത് സന്നിഹിതരായിരുന്ന ശ്രീമതി. എലിസബത്ത് ഗബ്രിയേൽ ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഖനനം ചെയ്ത സാധാരണ മണ്ണിന്റെ അളവ് വില്ലേജ് ഓഫീസറോടൊപ്പം

അളന്നു തിട്ടപ്പെടുത്തുകയുണ്ടായി. അത് പ്രകാരം ടി സ്ഥലത്ത് നിന്നും 90 മീറ്റർ നീളത്തിലും 30 മീറ്റർ വീതിയിലും ശരാശരി 3.69 മീറ്റർ ആഴത്തിലുമായി 9963 എം$^3$ സാധാരണ മണ്ണ് ഖനനം ചെയ്തതായി കണ്ടെത്തിയിരുന്നു. ഇതിൽ ജില്ലാ ഓഫീസിൽ നിന്നും നൽകിയ അനുമതിയുടെ അടിസ്ഥാനത്തിൽ നീക്കിയ 700എം$^3$ കിഴിച്ച് ശേഷിക്കുന്ന 9263 എം$^3$ സാധാരണ മണ്ണ് അനധികൃതമായി ഖനനം ചെയ്തതായി അളന്നു തിട്ടപ്പെടുത്തിയിരുന്നു.

ഈടാക്കേണ്ട കുടിശ്ശിക ഇപ്രകാരം തിട്ടപ്പെടുത്തിയിട്ടുള്ളതാണ്.

1. 27/12/2022 ലെ സംയുക്ത സ്ഥലപരിശോധനയിൽ അനധികൃതമായി ഖനനം ചെയ്ത് നീക്കിയതായി കണ്ടെത്തിയ സാധാരണ മണ്ണിന്റെ അളവ് = 9963 M$^3$ (19926MT)
2. മുൻപ് അനുമതി നൽകിയിട്ടുള്ള ധാതുവിന്റെ അളവ് = 700 M$^3$ (1400MT)
3. അനധികൃതമായി നീക്കിയ മണ്ണിന്റെ അളവ് (1) -(2) = 92963
4. അനധികൃതമായി നീക്കിയ സാധാരണ മണ്ണിന്റെ റോയൽറ്റി = 3,70,520/- രൂപ
5. അനധികൃതമായി നീക്കിയ സാധാരണ മണ്ണിന്റെ വില =7,41, 040/- രൂപ
6. കോമ്പൗണ്ടിംഗ് ഫീസ് = 1,00,000/- രൂപ
7. ആകെ കുടിശ്ശിക = 4 + 5 + 6 = 11,11,560/- രൂപ

ആയതിനാൽ ജില്ലാ ഓഫീസിലെ 27/02/2023 ലെ അഡ്ജുഡിക്കേഷൻ ഉത്തരവു പ്രകാരമുള്ള 4,48,280/- രൂപയുടെ ബാധ്യത നിലനിൽക്കെ പുന സ്ഥലപരിശോധനയിൽ അധികമായി ഖനനം ചെയ്തതായി കണ്ടെത്തിയിരുന്ന 5917 M$^3$ (13288 മെ. ടൺ) മണ്ണിന് KMMC ചട്ടങ്ങളിലെ 108(2) പ്രകാരം തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സ്ഥലമുടമയെ അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 10 ദിവസത്തിനുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം KMMC ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് 26/05/2023 ൽ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി.കുഞ്ഞമ്മ ഗബ്രിയേൽ നൽകിയ മറുപടിയിൽ പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകാതിരിക്കാൻ മതിയായ കാരണങ്ങൾ സ്ഥമുടമ ബോധിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിലും മേൽ പരാമർശിത സ്ഥലത്തു നിന്നും അനധികൃതമായി നീക്കം ചെയ്ത 5917 M$^3$ (13288 മെ. ടൺ) സാധാരണ മണ്ണിന്, ടണ്ണിന് 20/- രൂപ നിരക്കിൽ റോയൽറ്റി (13288x20 = 2,65,760/- രൂപ), 40/- രൂപ നിരക്കിൽ വില (13288x40 = 5,31,520/- രൂപ) എന്നിവ അടക്കം ആകെ 7,97,280/- രൂപയും കൂടാതെ 27/02/2023 ലെ ഉത്തരവ് പ്രകാരമുള്ള 4,48,280/- രൂപയും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരക്കുന്നതാണെന്ന് അറിയിച്ചുകൊണ്ട് 18/05/2024 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതേ തുടർന്നാണ് കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ടി തുക ഒടുക്കുന്നതിന് ഹർജിക്കാരി ബാധ്യസ്ഥയാണ്.

5. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽകക്ഷിയുടെ വാദത്തിന്റെയും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അളവിൽ കൂടുതൽ നീക്കം ചെയ്ത മണ്ണ് അപ്പീൽകക്ഷിയുടെ തൊട്ടടുത്തുള്ള സ്കൂൾ കോമ്പൗണ്ട് നികത്തുന്നതിന് മാത്രമേ ഉപയോഗിച്ചിട്ടുള്ളൂവെന്നും മറ്റൊരു തരത്തിലുള്ള

സാമ്പത്തിക ലാഭത്തിനോ വാണിജ്യ പ്രവർത്തനങ്ങൾക്കോ ഉപയോഗിച്ചിട്ടില്ലെന്നും ഇതു പരിഗണിക്കാതെയാണ് പിഴ നിശ്ചയിച്ചിരിക്കുന്നതെന്നുമുള്ള കക്ഷിയുടെ വാദത്തിൽ കഴമ്പില്ല. കാരണം കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) റൂൾസ് എന്നീ ചട്ടങ്ങൾ പ്രകാരം ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് മണ്ണ് നീക്കം ചെയ്യുമ്പോൾ പ്രസ്തുത അളവ് ധാതുവിന്റെ റോയൽറ്റി ഒടുക്കി ട്രാൻസ്പോർട്ടേഷൻ പാസ്സ് കരസ്ഥമാക്കേണ്ടതാണ്. എന്നാൽ കക്ഷി ഇത്രയും വലിയ അളവ് മണ്ണ് ഖനനം നടത്തി നീക്കം ചെയ്തിട്ടില്ലെന്നും, സ്കൂളിന്റെ ഭാഗത്തുനിന്നും ഗവൺമെന്റ് അംഗീകൃത ഏജൻസികൾ വഴി രണ്ടു തവണയായി 3D സർവേ GPS സഹായത്തോടെ അളന്നപ്പോൾ ആകെ നീക്കം ചെയ്ത മണ്ണ് 4140.21 $M^3$, 4245.75 $M^3$ എന്നുമാണ് കാണിക്കുന്നതെന്നുമുള്ള കക്ഷിയുടെ വാദം പരിഗണിച്ച് ജില്ലാ ജിയോളജിസ്റ്റ്, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന സംയുക്ത ടീം അപ്പീൽകക്ഷിയുടെ സാന്നിധ്യത്തിൽ RQP യുടെ സേവനം പ്രയോജനപ്പെടുത്തി പ്രസ്തുത സ്ഥലം ഒരിക്കൽ കൂടി അളന്ന് മഹസ്സർ തയ്യാറാക്കി അതിനനുസരിച്ച് അനുയോജ്യമായ നടപടികൾ നടപടിക്രമങ്ങൾ പാലിച്ച് സ്വീകരിക്കുവാൻ കോട്ടയം ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീമതി കുഞ്ഞമ്മ ഗബ്രിയേൽ ചെയർപേഴ്സൺ, കേരള ക്രൈസ്റ്റ് ചർച്ച് മിഷൻ ആസ്റ്റർ വാലി, കുരോപ്പട പി ഒ, കോട്ടയം പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീമതി. കുഞ്ഞമ്മ ഗബ്രിയേൽ, ചെയർപേഴ്സൺ, ആസ്റ്റർ വാലി, കുരോപ്പട.പി.ഒ, കോട്ടയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 10-06-2025 14:55:33
സെക്ഷൻ ഓഫീസർ